31-ാമത്

വി. ദൈവമാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

പൂതംകുറ്റി സെന്റ് മേരീസ് കൺവെൻഷനും

എട്ട് നോമ്പ് പെരുന്നാളും

2014 ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ

ചിന്താവിഷയം: യേശു മ്ശിഹായുടെ അതേഭാവം നിങ്ങൾ മനസ്സിൽ വിചാരിക്കണം (ഫിലിപ്യർ 2:5)

പ്രിയരെ,

വി. ദൈവമാതാവിന്റെ അനുഗ്രഹദായകമായ വി. സൂനോറൊ സ്ഥാപിതമായത് മുതൽ മലങ്കര സഭയിലെ മരിയൻ തീർത്ഥാടന കേന്ദ്രമായി വളർന്ന് കൊണ്ടിരിക്കുന്ന ഈ പള്ളി അനേകർക്ക് ആശ്രയവും, അഭയസ്ഥാനവും, അനുഗ്രഹവുമായി മാറിയിരിക്കുന്നു. ഇടവക സ്ഥാപനം മുതൽ നടത്തിവരുന്ന എട്ട് നോമ്പ് പെരുന്നാളും കൺവെൻഷനും ഏറെപ്രസിദ്ധമാണ്. നോമ്പോടും പ്രാർത്ഥനയോടും കൂടെ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപെടുന്നവർക്ക് അളവില്ലാത്ത അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഈ വർഷത്തെ പെരുന്നാളും കൺവെൻഷനും **ശ്രേഷ്ഠ കാതോലിക്കയും മലങ്കരയുടെ യാക്കോബ് ബുർദ്ദാനയുമായ ഡോ.ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവ**യുടെ മഹനീയ നേതൃത്വത്തിൽ അനുഗ്രഹകരമായി നടത്തുവാൻ കർത്താവിൽ ശരണപെടുന്നു.

സൗജന്യ നേത്ര-ദന്ത ചികിത്സാ ക്യാമ്പ്, കുടുംബനവീകരണ ധ്യാനം, വനിതാകലോത്സവം, വിദ്യാരംഭ ശുശ്രൂഷ, അദ്ധ്യാപക സംഗമം തുടങ്ങിയ വിവിധ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നു. **അഭിവന്ദ്യരായ ഡോ. എബ്രാഹം മോർ സേവേറിയോസ്, മാത്യൂസ് മോർ തേവോദോസിയോസ്, ഡോ. ഏലിയാസ് മോർ അത്താനാസിയോസ്, കൂരിയാക്കോസ് മോർ ഈവാനിയോസ്, യാക്കോബ് മോർ അന്തോണിയോസ്, ഐസക്ക് മോർ ഒസ്താത്തിയോസ്, ഏലിയാസ് മോർ യൂലിയോസ്, ഡോ. മാത്യൂസ് മോർ അന്തീമോസ്** എന്നീ മെത്രാപ്പോലിത്തമാർ പെരുന്നാൾ ശുശ്രൂഷകൾക്ക് മഹനീയ നേതൃത്വം നൽകുന്നതാണ്. ഈ വർഷത്തെ കൺവെൻഷൻ ചാന്ദാ രൂപതാ നിയുക്ത മെത്രാൻ **അഭിവന്ദ്യ ഡോ. മോർ എഫ്രേം നരികുളം** ഉദ്ഘാടനം ചെയ്യുന്നതും അനുഗ്രഹീത സുവിശേഷകർ വചന ശുശ്രൂഷ നടത്തുന്നതുമാണ്. പരിപാടികളിൽ ആദ്യന്തം സംബന്ധിക്കുവാൻ ഏവരേയും കർതൃനാമത്തിൽ ക്ഷണിച്ച് കൊള്ളുന്നു.

30.08.2014
പൂതംകുറ്റി

എന്ന്,
ഫാ. സി.എം. എൽദോ ചക്യാട്ടിൽ
വികാരി

അഭിവന്ദ്യ ഡോ. എബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ മാത്യൂസ് മോർ തേവോദോസിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ ഡോ. ഏലിയാസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ കൂര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ യാക്കോബ് മോർ അന്തോണിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത | അഭിവന്ദ്യ ഏലിയാസ് മോർ യൂലിയോസ്മെത്രാപ്പോലീത്ത | അഭിവന്ദ്യ ഡോ. മാത്യൂസ് മോർ അന്തീമോസ്മെത്രാപ്പോലീത്ത

അനുഗ്രഹങ്ങളുടെ കലവറയായ പൂതംകുറ്റി പള്ളി

ഫാ.സി.എം.എൽദോ ചക്യാട്ടിൽ
ഇടവക വികാരി

അങ്കമാലി ഭദ്രാസനത്തിന്റേയും എറണാകുളം ജില്ലയുടെ വടക്കേ അറ്റത്ത് ചാലക്കുടി പുഴത്തീരത്ത് സ്ഥിതിചെയ്യുന്ന പൂതംകുറ്റി സെന്റ് മേരീസ് പള്ളി അശരണരുടേയും ആലംബഹീനരുടേയും അഭയ സ്ഥാനമാണ്. നാനാജാതി മതസ്ഥരായ അനേക ആളുകൾ മാതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് പ്രാർത്ഥിച്ച് രോഗശാന്തിയും സമാധാനവും സന്തോഷവും പ്രാപിക്കുന്നു. മാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, പള്ളിയിൽ ഭജനയിരുന്ന് പ്രാർത്ഥിക്കൽ, തൃക്കപാച്ചോർ നേർച്ച എന്നിവയാണ് മുഖ്യവഴി പാടുകൾ, ഭജനയിരുന്ന് പ്രാർത്ഥിക്കുന്നവർക്ക് ഭക്ഷണവും താമസസൗകര്യവും പള്ളിയിൽ ക്രമീകരിച്ചിട്ടുണ്ട്. തന്നോടപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവിന്റെ സന്നിധിയിൽ അനേകംപേർ നേർച്ച കാഴ്ചകളോടെ എത്തുന്നു.

എട്ട് നോമ്പ് പെരുന്നാളിൽ എല്ലാ ദിവസവും രാവിലെ വി. കുർബ്ബാനയും പകൽ ധ്യാനയോഗങ്ങളും വൈകീട്ട് സന്ധ്യാപ്രാർത്ഥനയും സുവിശേഷ യോഗങ്ങളും അനുഗ്രഹകരമായി നടത്തുന്നു. എല്ലാ ദിവസവും അഭിവന്ദ്യ പിതാക്കന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. ഇവിടുത്തെ കൺവെൻഷൻ എക്യൂമിനിക്കൽ കൺവെൻഷനായിട്ടാണ് നടന്ന് വരുന്നത്. വിവിധ ക്രൈസ്തവസഭകളുടെ പിതാക്കന്മാരും വൈദീകരും സന്യസ്തരും കൺവെൻഷനിൽ സന്ദേശം നൽകിവരുന്നു.

നാനാജാതി മതസ്ഥരായ ആളുകൾ ഓഹരികളെടുത്താണ് പെരുന്നാൾ നടത്തുന്നത്.

ഓഹരികളും വഴിപാടുകളും: വികാരി,സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, പൂതംകുറ്റി, താബോർ പി.ഒ. - 683577, അങ്കമാലി

കൺവെൻഷൻ ഉദ്ഘാടനം

അഭിവന്ദ്യ ഡോ.മോർ എഫ്രേം നരികുളം
(ചാന്ദാ രൂപതാ നിയുക്ത മെത്രാൻ)

ചരിത്ര പ്രസിദ്ധമായ കൺവെൻഷൻ

കേരളത്തിൽ ക്രൈസ്തവ കൺവെൻഷനുകളിൽ 8 ദിവസം ദൈർഘ്യമുള്ള ഏക കൺവെൻഷൻ. സുവിശേഷരംഗത്ത് പ്രശസ്തരായ പരിശുദ്ധാത്മ നിറവുള്ള സുവിശേഷകർ പ്രസംഗിച്ച് വരുന്നു. അത്ഭുതങ്ങളും അടയാളങ്ങളും തീർന്നിട്ടില്ലാത്ത പൂതംകുറ്റി പള്ളിയിൽ അനുഗ്രഹമാരി ചൊരിയുന്ന കൺവെൻഷൻ ശ്രവിക്കുന്നതിനായി അനേകം ആളുകൾ വന്നുചേരുന്നു. അനു ഗ്രഹത്തിന്റെ പ്രഭയും പരിശുദ്ധിയുടെ പരിമളവും പരത്തുന്ന പുണ്യഭൂമിയായി ഈ ദേശം മാറിയിരിക്കുന്നു. ഈ വർഷത്തെ സുവിശേഷ പ്രാസംഗീകരായി ആഗസ്റ്റ് 31 ന് ഫാ.ഷോബിൻ പോൾ, സെപ്റ്റംബർ 1 ന് ഫാ.ജോസ് തോമസ്, 2 ന് ഫാ.ഷാജി വർഗ്ഗീസ് പാറേക്കാടൻ, 3 ന് ഫാ.ടിജു വർഗ്ഗീസ് പൊൻപള്ളി, 4 ന് ഫാ.അരുൺ നല്ലില, 5 ന് ഫാ.ഏല്യാസ് കരോട്ട്മംഗലം, 6 ന് ഫാ. വർഗ്ഗീസ് പനച്ചിയിൽ, 7 ന് സമാപന സന്ദേശം നൽകി അനുഗ്രഹിക്കുന്നത് അഭിവന്ദ്യ ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തയാണ്.

വി. സൂനോറോ ദർശനം ആണ്ടിലൊരിക്കൽ മാത്രം

പൂതംകുറ്റി പള്ളിയിൽ മനോഹരമായ പേടകത്തിൽ സ്ഥാപിച്ചിട്ടുള്ള വി.ദൈവമാതാവിന്റെ വി.സൂനോറോ പേടകത്തിൽനിന്ന് പുറത്തെടുക്കുന്നത് ആണ്ടിലൊരിക്കൽ മാത്രമാണ്. വർഷംതോറും സെപ്തംബർ 7 ന് സന്ധ്യാപ്രാർത്ഥനയ്ക്കും ഭക്തിനിർഭരമായ പ്രദക്ഷിണത്തിനും ശേഷമാണ് വി. സൂനോറോ പുറത്തെടുക്കൽ ചടങ്ങ്. ഈ പള്ളിയിലെ ഏറ്റവും ഭക്തിനിർഭരമായ ചടങ്ങാണിത്. മെഴുകുതിരികൾ കത്തിച്ചു പിടിച്ച് നൂറുകണക്കിന് വിശ്വാസികളുടെ കണ്ഠങ്ങളിൽ നിന്ന് "മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്ന പ്രാർത്ഥനാമന്ത്രം ഉയരുമ്പോൾ അനേകം വൈദികരുടെ നേതൃത്വത്തിൽ വി.സൂനോറോ പേടകത്തിൽനിന്ന് പുറത്തെടുക്കുന്നു. പള്ളിമണികളുടെ മുഴക്കവും താളമേളങ്ങളുടെയും കതിനാവെടികളുടെ ശബ്ദവും ചടങ്ങിന്റെ പ്രൗഢി വർദ്ധിപ്പിക്കും. വി.ദർബ്ബഹായിൽ വന്ദനവിന് ശേഷം വി.സൂനോറോ പൊതു ദർശനത്തിനു വയ്ക്കും. തുടർന്ന് പിറ്റേ ദിവസവും (സെപ്തംബർ 8) വി.കുർബ്ബാനമദ്ധ്യേ ദർശന സൗകര്യം ഉണ്ടായിരിക്കും. പെരുന്നാൾ സമാപിക്കുമ്പോൾ വി.സൂനോറോ പേടകത്തിൽ തിരികെ സ്ഥാപിക്കും.

ഫാ.എൽദോസ് പാലയിൽ
ഇടവകാംഗം

ലാളിത്യത്തിന്റെ ആൾരൂപമായ റവ.ഫാ.കെ.ടി.യാക്കോബ് പൗരോഹിത്യ രജതജൂബിലി നിറവിൽ

ജീവിതലാളിത്യം കൊണ്ട് ധന്യനായ കൂരൻതാഴത്തുവീട്ടിൽ യാക്കോബ് അച്ചൻ പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുമ്പോൾ പൂതംകുറ്റി ഇടവകയ്ക്കും ജൂബിലിയുടെ പരിമളം. പൂതംകുറ്റി പള്ളിയിൽ നാളിതുവരെ നടന്ന ഏക പട്ടംകൊട ശുശ്രൂഷ ബഹു.അച്ചന്റേതാണ് 1989 സെപ്റ്റംബർ 7 അതുകൊണ്ടുതന്നെ പൂതംകുറ്റി ഇടവകയ്ക്ക് മറക്കാനാകാത്ത ദിനം. ആഴകം സെന്റ് മേരീസ് ഹെർമ്മോൻ പള്ളി ഇടവകാംഗമായിരുന്ന അദ്ദേഹം പൂതംകുറ്റി പള്ളിയിൽ എട്ടുനോമ്പ് പെരുന്നാൾ ദിനങ്ങളിൽ കശ്ശീശപട്ടം സ്വീകരിക്കാൻ ആഗ്രഹിക്കുകയും വിവരം അങ്കമാലി ഭദ്രാസനമെത്രാപ്പൊലീത്ത അഭിവന്ദ്യ തോമസ് മോർ ദീവന്നാസിയോസ് തിരുമേനിയേയും (ഇപ്പോഴത്തെ ശ്രേഷ്ഠകാതോലിക്ക ബാവ), സഹായമെത്രാപ്പൊലീത്ത അഭിവന്ദ്യ ഡോ. എബ്രാഹാം മോർ സേവേറിയോസ് തിരുമേനിയേയും അറിയിക്കുകയും ചെയ്തു. പിതാക്കൻമാരുടെ നിശ്ചയ പ്രകാരം 7.9.1989 ൽ പൂതംകുറ്റി പള്ളിയിൽ വി.കുർബ്ബാന മദ്ധ്യേ അഭിവന്ദ്യ ഡോ.എബ്രാഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത അദ്ദേഹത്തിന് കശ്ശീശാപട്ടം നൽകി. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്ത് നെടുവന്നൂർ, പൊയ്ക്കാട്ടുശ്ശേരി, എടക്കുന്ന്, മറ്റൂർ, കണ്ണാറ, വാൽക്കുളമ്പ്, മൂക്കന്നൂർ, ഇല്ലിത്തോട്, നായത്തോട്, കരയാംപറമ്പ്, നെടുമ്പാശ്ശേരി പള്ളികളിൽ വൈദീക ശുശ്രൂഷ നിർവ്വഹിച്ചു. ഇപ്പോൾ കിടങ്ങൂർ മോർ ബസ്സേലിയോസ് പള്ളിവികാരിയാണ്. ആഴകം കൂരൻതാഴത്തുവീട്ടിൽ താരു, അന്നം ദമ്പതികളുടെ മകൻ. മലപ്പുറം തിരൂരങ്ങാടി ഗവ.ഹയർസെക്കന്ററി സ്ക്കൂളിലും, അരിയല്ലൂർ ഗവ. യു.പി.സ്ക്കൂളിലും അദ്ധ്യാപകനായിരുന്നു. അരിയല്ലൂർ സ്ക്കൂളിൽ ഹെഡ്മാസ്റ്റർ പദവിയിൽ റിട്ടയർ ചെയ്തു. സഹധർമ്മിണി മേരി ആയങ്കര പെരുമ്പിള്ളി കുന്നേൽ കുടുംബാംഗം. മക്കൾ-ബേസിൽ, അന്ന. പ്രിയപ്പെട്ട യാക്കോബ് അച്ചന് പൂതംകുറ്റി ഇടവകസമൂഹം പ്രാർത്ഥനാപൂർവ്വം ജൂബിലി മംഗളങ്ങൽ നേരുന്നു.

കെ.വി. മത്തായി
കൊല്ലാർമാലിൽ, ട്രസ്റ്റി

കെ.സി ജോർജ്ജ്
കരേടത്ത്, ട്രസ്റ്റി

ടി.എം. യാക്കോബ്
തേലപ്പിള്ളി, സെക്രട്ടറി

പി.പി. എൽദോ
പന്തൽകുടി, ജന.കൺവീനർ & സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ

Website : www.stmaryspoothamkutty.org e-mail : mail@stmaryspoothamkutty.org Ph : 9946591583

ഒന്നിന് പുറകേ ഒന്നായി സംസ്ഥാന അവാർഡുകൾ

ടി.എം.യാക്കോബ് സാർ പൂതംകുറ്റിക്ക് അഭിമാനം

മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർക്കുള്ള സംസ്ഥാന അവാർഡിന് തൊട്ട് പിന്നാലെ സംസ്ഥാന അദ്ധ്യാപക അവാർഡും നേടിയ പൂതംകുറ്റി പള്ളിയുടെ ഇടവക സെക്രട്ടറിയും കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് വോക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ടി.എം. യാക്കോബ് എന്ന യാക്കോബ് സാർ നാടിനും പൂതംകുറ്റി ഇടവകയ്ക്കും സെന്റ് ഇഗ്നേഷ്യസ് സ്കൂളിനും അഭിമാന താരമായി. സെന്റ് ഇഗ്നേഷ്യസ് സ്കൂളിലെ കോമേഴ്സ് വിഭാഗം അധ്യാപകനായ അദ്ദേഹം കഴിഞ്ഞ നാലു വർഷക്കാലമായി സ്കൂളിലും, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലും, പെരുമ്പളം ദീപിലും കേന്ദ്രീകരിച്ചു നടത്തിയ മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് ഈ അവാർഡ് ലഭിച്ചിരിക്കുന്നത്. ലഹരി വസ്തുക്കളുടെ ഉപയോഗത്തിനും വ്യാപനത്തിനുമെതിരേ നിരന്തരമായ പോരാട്ടമാണ് സാറിന്റെ നേതൃത്വത്തിൽ കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസിലെ എൻ.എസ്.എസ് വാളണ്ടിയർമാർ നടത്തികൊണ്ടിരിക്കുന്നത്. തെരുവുനാടകം, റോഡ്ഷോ, ഫിലിം പ്രദർശനം മുതലായവയുമായി സാറും കൂട്ടികളും എത്താത്ത പ്രദേശമില്ല. കാഞ്ഞിരമറ്റം സ്കൂളിൽ നടപ്പാക്കിയ ദിശാസൂചി എന്ന വിദ്യാർത്ഥി ശാക്തീകരണ പദ്ധതിയുടെ മികവു മനസ്സിലാക്കിയ വിദ്യാഭ്യാസ വകുപ്പ് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹകരണത്തോടെ കേരളത്തിലെമ്പാടും തെരഞ്ഞെടുത്ത സ്കൂളുകളിൽ പ്രസ്തുത 'ദിശാ സൂചി' നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അകാലത്തിൽ പിതാവിനെ നഷ്ടപ്പെട്ട വിദ്യാർത്ഥിനിയുടെ വീട്പണി പൂർത്തീകരിച്ച 'സ്നേഹക്കൂട്', മനോരോഗികൾക്ക് ഉച്ച ഭക്ഷണം നൽകുന്ന അലിവ്, അർഹമായ പ്രദേശങ്ങളിൽ വായനശാല ഉണ്ടാക്കുന്ന 'പുസ്തകതൊട്ടിൽ' എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തന പരിപാടികളിലൂടെ ഒരു പ്രദേശത്ത് സന്നദ്ധ സേവന പ്രവർത്തനങ്ങളുടെ മിഴിവാർന്ന പര്യായമായി മാറുകയാണ് യാക്കോബ് മാഷ്. ജൂബിലി ആഘോഷിക്കുന്ന സെന്റ് ഇഗ്നേഷ്യസ് വൊക്കേഷണൽ ആൻഡ് ഹയർ സെക്കണ്ടറി സ്കൂൾ ജൂബിലി സ്മാരകമായി നിർമ്മിച്ചുനൽകുന്ന 'സഹപാഠിക്കൊരു വീടിന്റെ' പ്രവർത്തനങ്ങളുടെ നടുവിലാണ് സാറിപ്പോൾ. എതുകാര്യത്തിനും മുന്നിട്ടിറങ്ങുന്ന എൻ.എസ്.എസ് വോളണ്ടിയേഴ്സിനും ഒപ്പം നിൽക്കുന്ന സഹപ്രവർത്തകർക്കും സ്കൂൾ മാനേജ്മെന്റിനും ആമ്പല്ലൂർ നിവസികൾക്കുമായി ഈ അവാർഡ് സമർപ്പിക്കാനാണ് സാറിനിഷ്ടം.

തേലപ്പിള്ളി മാത്തു-മറിയാമ്മ ദമ്പതികളുടെ മകൻ. ഭാര്യ-റൂസി, മക്കൾ-നിള, നയിൻ. പൂതംകുറ്റി ഇടവകയുടെ അഭിമാനമായി മാറിയ ശ്രീ. ടി. എം. യാക്കോബ് സാറിന് ഇടവകയുടെ അനുമോദനങ്ങൾ.

ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കിയ ടി.എം വർഗ്ഗീസിന് അനുമോദനങ്ങൾ

പൂതംകുറ്റി സെന്റ് മേരീസ് സൺഡേസ്ക്കൂളിന്റെ ആരംഭംമുതൽ ഇന്നോളം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച് വരുന്ന ടി.എം.വർഗ്ഗീസ് ദൈവശാസ്ത്രത്തിൽ ബിരുദം കരസ്ഥമാക്കി. തലശ്ശേരി ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി & സയൻസിലാണ് ബിരുദപഠനം നടത്തിയത്. നേരത്തെ പൂന ജ്ഞാനവിദ്യാപീഠത്തിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡിപ്ലോമ നേടിയ ഇദ്ദേഹം ഇപ്പോൾ റാഞ്ചി സായ്നാഥ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദപഠനം നടത്തുന്നു.

രണ്ട് പതിറ്റാണ്ടിലേറെയായി അങ്കമാലി ഭദ്രാസന കൗൺസിൽ അംഗമായി പ്രവർത്തിക്കുന്ന ടി.എം.വർഗ്ഗീസ് ദീർഘകാലം സൺഡേസ്ക്കൂൾ അസ്സോസിയേഷൻ കേന്ദ്രകമ്മിറ്റി അംഗവും അത്മദീപം മാസികയുടെ പത്രാധിപരും ആയിരുന്നു. മൂക്കന്നൂർ സർവ്വീസ് സഹകരണബാങ്ക് ഡയറക്ടർ, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, പ്രസിഡന്റ് എന്നീ നിലകളിൽ പൊതുരംഗത്ത് ശ്രദ്ധേയനായ ടി.എം.വർഗ്ഗീസ് ഇപ്പോൾ കോൺഗ്രസ്സ് മൂക്കന്നൂർ മണ്ഡലം പ്രസിഡന്റാണ്. അങ്കമാലി മേഖല സുവിശേഷ സംഘം സെക്രട്ടറിയായി പ്രവർത്തിക്കുന്നു. അനുഗ്രഹീത സംഘാടകനും, വാഗ്മിയും, അദ്ധ്യാപകനുമാണ്. തേലപ്പിള്ളി മാത്തു, മറിയാമ്മ ദമ്പതികളുടെ മകൻ. ഭാര്യ-സോഫി, മക്കൾ-ബേസിൽ, മരിയ. വർഗ്ഗീസ് സാറിന് പൂതംകുറ്റി ഇടവകയുടെ അനുമോദനങ്ങൾ.

സണ്ടേസ്കൂൾ അദ്ധ്യാപന രംഗത്ത് കാൽനൂറ്റാണ്ട് പിന്നിടുന്ന പ്രധാനശുശ്രൂഷകൻ

പി.പി പോൾസണ് ജൂബിലി മംഗളങ്ങൾ

ഇടവകയിലെ പ്രധാന ശുശ്രൂഷകനായിരിക്കെ തന്നെ അദ്ധ്യപകനായി കാൽനൂറ്റാണ്ട് പിന്നിടുന്ന പി.പി പോൾസൺ ശുശ്രൂഷകർക്കും അദ്ധ്യാപകർക്കും ഒരു പോലെ മാതൃകയാണ്. ശുശ്രൂഷകനായാൽ പഠിപ്പിക്കാൻ നേരമില്ലെന്ന് ഒരു കൂട്ടർ. ജോലിയും ജീവിത തിരക്കും മൂലം സൺഡേസ്കൂൾ അദ്ധ്യാപനരംഗത്തോട് വിട പറയുന്ന വേറൊരു കൂട്ടർ. ഇരു കൂട്ടർക്കുമിടയിൽ പോൾസൺ വേറിട്ട് നിൽക്കുന്നു. പൂതംകുറ്റി സെന്റ് മേരീസ് സൺഡേസ്കൂളിൽ ജെ.എസ്.എസ്.എൽ.സി പാസ്സായ ഉടനെ തന്നെ ഇദ്ദേഹം അദ്ധ്യാപകനായി ചേരുകയായിരുന്നു. അന്നു മുതൽ ഇന്നുവരെയും സൺഡേസ്കൂൾ അദ്ധ്യാപനം ഒരു ദൈവനിയോഗമായി കരുതി പ്രവർത്തിക്കുന്നു. എടലക്കാട് പി.ഡി.ഡി.പി സൊസൈറ്റി പ്രസിഡന്റും, വിവിധ ട്രേഡ് യൂണിയനുകളുടെ ഭാരവാഹിയുമാണ്. നമ്പ്യാരത്ത്പാറയിൽ പൗലോസ് - ഏലമ്മ ദമ്പതികളുടെ മകൻ. ഭാര്യ : കുഞ്ഞുമോൾ മക്കൾ- അനിറ്റ, ബിനിറ്റ, മരിയ. ഇടവക രജത ജൂബിലി മംഗളങ്ങൾ നേരുന്നു.

ഇടവക മാനേജിംഗ് കമ്മിറ്റി

കെ.എം. വർഗ്ഗീസ്
കരേടത്ത്
സപ്ലിമെന്റ് കോഡിനേറ്റർ

പോളി ഇട്ടൂപ്പ്
പുളിയൻ
പ്രാർത്ഥനായൂണിറ്റ് കോഡിനേറ്റർ

പി.റ്റി.പൗലോസ്
പറവട്ടിൽ

എം.എം. ടെൻസിംഗ്
മണ്ണുപറമ്പിൽ

പി.പി. ഏലിയാസ്
പ്ലാച്ചേരി

ഇ.എം. ജെയിംസ്
ഈരാളിൽ

എൽദോ പി.പി
പുളിയൻ
യൂത്ത് അസ്സോസിയേഷൻ സെക്രട്ടറി

ബേബി മത്തായി
പ്ലാച്ചേരി
വനിതാസമാജം സെക്രട്ടറി

പാച്ചോർ തുലാഭാരം മുഖ്യ വഴിപാട്

പൂതംകുറ്റി പള്ളിയിലെ എട്ടുനോമ്പു പെരുന്നാളിൽ സവിശേഷതയാർന്ന വഴിപാടാണ് പാച്ചോർ തുലാഭാരം അഥവാ തൃക്കപാച്ചോർ നേർച്ച. സെപ്തംബർ 7 ന് വൈകിട്ട് 5 മണിക്ക് വഴിപാട് നടത്തുന്നത്. പള്ളിയുടെ മുഖമണ്ഡപത്തിൽ പ്രത്യേകം തയ്യാറാക്കുന്ന വേദിയിലാണ് തൃക്കം നടക്കുന്നത്. പ്രത്യേക പ്രാർത്ഥനകൾക്കുശേഷം വി.സൂനോറോ പേടകത്തിന്മുമ്പിലെ വിളക്കിൽനിന്ന് വൈദികർ കത്തിച്ചുകൊടുക്കുന്ന മെഴുകുതിരികളേന്തി മുഖമണ്ഡപത്തിലെത്തുന്ന നേർച്ചക്കാരെ പ്രായമുച്ചു ക്രമത്തിലാണ് തൂക്കുന്നത്. തുലാസിന്റെ ഒരു തട്ടിൽ നേർച്ചക്കാരനെ ഇരുത്തും. മറുതട്ടിൽ തൂല്യതൂക്കത്തിനുള്ള ശർക്കരയും വെയ്ക്കും. ആളുടെ തൂക്കത്തിനനുസരിച്ച് ശർക്കരയും ശർക്കരയുടെ തൂക്കത്തിന്റെ അനുപാതത്തിൽ അരിയും നാളികേരവും ചേർത്ത് പാച്ചോറുണ്ടാക്കി വെക്കുന്നതിൽ സമാപനത്തിൽ വിശ്വാസികൾക്ക് വിളമ്പും. ഏഴുദിവസവും നോമ്പെടുത്താണ് വിശ്വാസികൾ നേർച്ച നടത്തുന്നത്. പ്രധാനമായും രോഗശാന്തി, മംഗല്യസൗഭാഗ്യം, സന്താനസൗഭാഗ്യം, സാമ്പത്തികതകർച്ചയിൽ നിന്നുള്ളമോചനം, മനഃശ്ശാന്തി എന്നിവയ്ക്കുവേണ്ടിയാണ് ഈ നേർച്ചനടത്തുന്നത്. ഈ നേർച്ചനടത്തി അത്ഭുതകരമായ അനുഗ്രഹങ്ങൾ ലഭിച്ചതായി നിരവധിപേർ സാക്ഷ്യപ്പെടുത്തുന്നു. സെപ്തംബർ 7-ാം തീയതി രാത്രി ഇടവകക്കാരും നേർച്ചക്കാരും ശ്രമദാനമായിട്ടാണ് പാച്ചോർ പാകം ചെയ്യുന്നത്.

മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ചൈതന്യം

വി.കുർബ്ബാനമദ്ധ്യേ നടത്തുന്ന വി.ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയാൽ ദൈവത്തിന്റെ സന്നിധിയിൽ നിന്നും ലഭിക്കുന്ന അനുഗ്രഹങ്ങളാണ് ഈ ഇടവകയുടെ അത്മചൈതന്യം. കേവലം 110 കുടുംബങ്ങൾ മാത്രമുള്ള ഈ ഇടവകയിൽ വർഷത്തിൽ ശരാശരി 15000 പേർ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു. 5 രൂപയാണ് മദ്ധ്യസ്ഥപ്രാർത്ഥനയുടെ ചാർജ്ജ്. മെഴുകുതിരികൾ കത്തിച്ചുപിടിച്ചാണ് വിശ്വാസികൾ മദ്ധ്യസ്ഥപ്രാർത്ഥനയിൽ സംബന്ധിക്കുന്നത്. ഇവിടെ മദ്ധ്യസ്ഥപ്രാർത്ഥനയോട് ചേർന്ന് രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും നടത്തുന്നു. പള്ളിയിൽ ഹാജരാകാൻ കഴിയാത്ത കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കുംവേണ്ടി ഹാജരാകുന്നവർ പ്രാർത്ഥന നടത്തുന്നു. എട്ടുനോമ്പു പെരുന്നാളിലും ആദ്യശനിയാഴ്ചകളിലും ഞായറാഴ്ചകളിലും വി.കുർബ്ബാനയിൽ പങ്കെടുക്കുന്ന എല്ലാവരും തന്നെ മദ്ധ്യസ്ഥപ്രാർത്ഥനയിലും പങ്കെടുക്കുന്ന അനുഭവമാണിവിടെ.

സൗജന്യ നേത്ര-ദന്ത ചികിത്സാ ക്യാമ്പ്

ഇൻഡ്യയിലെ ഏറ്റവും വലിയ നേത്ര ദന്ത ചികിത്സാ ശൃംഖലയായ വാസൻ ഐ കെയർ ഡെന്റൽ കെയർ ഹോസ്പിറ്റലും പൂതംകുറ്റി പള്ളിയുമായി സഹകരിച്ച് ആഗസ്റ്റ് 31 ഞായറാഴ്ച 10.30 മുതൽ വൈകിട്ട് 2.30 വരെ പൂതംകുറ്റി പള്ളിയിൽ സൗജന്യ നേത്ര ദന്ത ചികിത്സാ ക്യാമ്പ് നടത്തുന്നു. ക്യാമ്പിൽ നേത്ര-ദന്ത രോഗമുള്ളവരെ സൗജന്യമായി പരിശോ ധിക്കുന്നതും തുടർചികിത്സ ആവശ്യമുള്ളവർക്ക് വാസൻ ഐ കെയർ ഹോസ്പിറ്റലുകളിൽ മിതമായ നിരക്കിൽ ചികിത്സ നൽകുന്നതുമാണ്.

മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബിജു പാലാട്ടി ക്യാമ്പ് ഉദ്ഘാടനം ചെയ്യും വാർഡ് മെമ്പർ ശ്രീ കെ. എസ് മൈക്കിൾ ആശംസക